# മലയാളിയുടെ തൊഴിൽ സംസ്കാരം

ഡോ. പി.എൻ. സുരേഷ്കുമാർ
പ്രൊഫസർ ഓഫ് സൈക്യാട്രി,
കെ.എം.സി.ടി. മെഡിക്കൽ കോളേജ്, കോഴിക്കോട

സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമാണ് കേരളം. മഹത്തായ സാംസ്കാരിക പൈതൃകത്തിൽ ഊറ്റം കൊള്ളുന്ന നമ്മുടെ സംസ്ഥാനം ഒട്ടേറെ മഹത്വ്യക്തികൾക്ക് ജന്മം നൽകുകയും വിപ്ലവകരമായ നിരവധി സാമൂഹിക മാറ്റങ്ങൾക്ക് വേദിയൊരുക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയുടെ പ്രഥമ പൗരനായിരുന്ന കെ.ആർ. നാരായണൻ, ഐ.എസ്.ആർ.ഒ. ചെർമാനായിരുന്ന ജി. മാധവൻനായർ, "പയ്യോളി എക്സ്പ്രസ്" എന്നറിയപ്പെടുന്ന പി.ടി. ഉഷ തുടങ്ങിയവർ കേരളത്തിൽ ആഗോളതലത്തിൽ പ്രശസ്തി നേടിക്കൊടുത്ത വ്യക്തികളാണ്.

മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വൻ വ്യവസായങ്ങളും ഫാക്ടറികളും കേരളത്തിൽ പൊതുവെ കുറവാണ്. കേരളത്തിലെ തൊഴിലാളികളിൽ അധികവും അസംഘടിത മേഖലകളിൽ ജോലി ചെയ്യുന്നവരാണ്. ഡോക്ടർമാർ, എഞ്ചിനീയർമാർ തുടങ്ങിയ പ്രൊഫഷനലുകൾ മുതൽ അഴുക്കുചാലുകളും മാനിലിന്യ ടാങ്കുകളും വൃത്തിയാക്കുന്ന തൊഴിലാളികൾ വരെ ഉൾപ്പെടുന്ന ബഹുസ്വരമായ തൊഴിൽ രംഗമാണ് ഇന്ന് കേരളത്തിൽ നിലനിൽക്കുന്നത്.

കുറച്ചു വർഷങ്ങളായി കേരളത്തിന്റെ തൊഴിൽ സംസ്കാരത്തിൽ വളരെയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഈ മാറ്റത്തിന്റെ ഫലമായി കേരളത്തിന്റെ മുഖമുദ്രയായിരുന്ന പരമ്പരാഗത വ്യവസായങ്ങൾ പലതും തകർന്നുപോയിട്ടുണ്ട്. കയർവ്യവസായം, ബീഡിവ്യവസായം എന്നിവ ഇതിനു ഉദാഹരണങ്ങളാണ്. കുറഞ്ഞ സമയംകൊണ്ട് കൂടുതൽ കൂലി ലഭിക്കുന്നതും കായികാധ്വാനം കുറഞ്ഞതുമായ ജോലി ചെയ്യുക എന്ന "പുത്തൻ" നയമാണ് ഇന്നു കേരളത്തിലെ തൊഴിലാളികൾ പൊതുവെ വച്ചുപുലർത്തുന്നത്.

സ്വന്തം തൊഴിൽ ചെയ്യാതെ രാഷ്ട്രീയ പ്രവർത്തനത്തിനും മറ്റും സമയം ചെലവഴിക്കുകയും ഹർത്താൽ ദിനങ്ങളിലും മറ്റ് അവധി ദിവസങ്ങളിലും മദ്യപാനത്തിൽ മുഴുകുകയും ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം അനുദിനം കൂടിവരികയാണ്. ഇന്ന് കേരളത്തിലെ തൊഴിലാളികൾ വെറും സുഖലോലുപത മുഖമുദ്രയാക്കി മാറിയവരായി തീർന്നിരിക്കുകയാണ്. ചില തൊഴിലിടങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന നോക്കുകൂലിയെന്ന പരസ്യമായ പണപ്പിരിവ് തൊഴിലാളികളുടെ രാഷ്ട്രീയസ്വാധീനം മൂലമുള്ള ദൗത്യത്തിന്റെയും സുഖലോലുപതാ സംസ്കാരത്തിന്റെയും അവസാനത്തെ ഉദാരണമാണ്. തൊഴിൽരംഗത്തെ രാഷ്ട്രീയാതിപ്രസരം ഭയന്ന് മലയാളികളായ സംരംഭകർ തമിഴ്നാട്, കർണാടക പോലുള്ള സംസ്ഥാനങ്ങളിൽ ചെന്ന് വ്യവസായങ്ങൾ തുടങ്ങുന്നത് ഇന്ന് പതിവ് കാഴ്ചയായി മാറിയിട്ടുണ്ട്.

കേരളത്തിൽ ജീവിക്കുമ്പോൾ വൈറ്റ് കോളർ ജോലിയൊഴികെ മറ്റൊരു ജോലിക്കും പോകാൻ വിമുഖത കാട്ടുന്നവർ ഗൾഫ്നാടുകളിലും മറ്റും പോയി ഏത് ജോലിയും ചെയ്യുന്നത് ഇന്ന് സർവസാധാരണമാണ്. മിഥ്യയായ സങ്കല്പങ്ങളുടെയും ദുരഭിമാനത്തിന്റെയും ആകെ തുകയാണിത്. പണക്കാരനോടുള്ള പാവപ്പെട്ടവന്റെ വർഗസമരകഥകളുടെ നെരിപ്പോടുകൾ ഇപ്പോഴും കെടാതെ സൂക്ഷിക്കുന്ന തൊഴിലാളികൾ ഇന്നുമുണ്ട്. സാക്ഷരരും രാഷ്ട്രീയപ്രബുദ്ധതയുള്ളവരുമായ തൊഴിലാളികളുള്ള ഇക്കാലത്ത് തൊഴിലുടമകളുടെ

ചൂഷണം ഒരു പരിധിവരെ വിലപ്പോകാറില്ലെങ്കിലും അസംഘടതരായ അന്യസംസ്ഥാന തൊഴിലാളികൾ ഇതിനൊരു അപവാദമാണ്.

വർഗശത്രുവായ തൊഴിലുടമ പണക്കാരനാണെന്നും തൊഴിലാളി പാവപ്പെട്ടവനാണെന്നും തൊഴിലുടമ ചൂഷകനാണെന്നും തൊഴിലാളി ചൂഷിതനാണെന്നുമുള്ള ഒരു പരമ്പരാഗത സങ്കല്പം കേരളത്തിലെ ചെറിയൊരു ശതമാനം തൊഴിലാളികളുടെ മനസ്സിൽ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ജന്മിത്വത്തിന്റെയും കുടിയാന്മാരുടെയും ദുർഭൂതങ്ങൾ കേരളത്തെ വിട്ടകന്നെങ്കിലും അവയുടെ ഗതകാല സ്മരണകൾ ഇന്നും സജീവമായി നിലനിർത്തിക്കൊണ്ട് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്ന സംഘടനകൾ ഇപ്പോഴുമുണ്ട്. വളരെ പ്രബുദ്ധരായ തൊഴിൽ നിയമങ്ങൾ നിലവിലുള്ള ഇക്കാലത്ത് തൊഴിലുടമകളും തൊഴിലാളികളും കാലാനുസൃതമായി മാറിയാൽ മാത്രമേ ആരോഗ്യപരമായ ഒരു തൊഴിൽ സംസ്കാരം നിലവിൽ വരികയുള്ളുവെന്നത് ഒരു അനിഷേധ്യ സത്യമാണ്.

***